# പൗരാവകാശ രേഖ.

1987 ൽ സ്ഥാപിതമായ കായിക യുവജനകാര്യ വകുപ്പ് സർക്കാരിന്റെ അംഗീകാരത്തോടെ ചുവടെ പറയുന്ന പദ്ധതികളും സേവനങ്ങളും ഈ വകുപ്പു വഴി നടപ്പിലാക്കുന്നു.

1) കായിക വിനോദവും യുവജന സേവനവും സംബന്ധിച്ച പരിപാടികളും പ്രചരണവും ബോധവത്കരണവും നടത്തുന്നു.

2) നിലവിലുള്ള കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും സാമ്പത്തിക സഹായം നൽകുന്നു.

3) കേരളത്തിന്റെ തനതു കലയായ കളരിപ്പയറ്റിന്റെ വികസനത്തിനായി ജില്ലാ ആയോധന കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

4) രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ കേന്ദ്രം മുഖേന കായിക താരങ്ങൾക്ക് ചികിത്സയും സ്പോർട്സ് മെഡിസിൻ സംബന്ധമായ കൂടുതൽ അറിവും നൽകിവരുന്നു.

5) വിദേശ രാജ്യങ്ങളിൽ പ്രചാരമേറിയ തായ്കൊന്നൊ, ജൂഡോ, കരാട്ടേ തുടങ്ങിയ ഇനങ്ങൾ പ്രചരിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

6) മേൽ പദ്ധതി പ്രകാരം അഭയ/ശ്രീ ചിത്ര പുവർ ഹോം എന്നിവിടങ്ങളിലെ കുട്ടികളെകൂടി ഉൾപ്പെടുത്തി പരിശീലനം നലകിവരുന്നു.

7) അവശത അനുഭവിക്കുന്ന സർക്കസ് കലാകാരന്മാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

8) വളർന്നു വരുന്ന കായിക താരങ്ങളുടെ പരിശീലനത്തിനായി ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിനും, മെഴ്സിക്കുട്ടൻ അത്‌ലറ്റിക്സ് അക്കാഡമിയ്ക്കും സാമ്പത്തിക സഹായം നൽകിവരുന്നു.

9) കായിക രംഗത്തിന്റെ വളർച്ചയ്ക്കായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്റ്റേഡിയം നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകിവരുന്നു.

10) ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് സ്വർണ്ണ മെഡൽ ലക്ഷ്യമിട്ടുകൊ് കേരളത്തിലെ തിരഞ്ഞെടുത്ത കായിക താരങ്ങളെ പരിശീലിപ്പിക്കുന്നതിന് 'ഗോ ഫോർ ഗോൾഡ്' എന്ന പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

11) സിവിൽ സർവ്വീസ് ടൂർണ്ണമെന്റിന് സാമ്പത്തിക സഹായം നൽകുന്നു.

12) കണ്ണൂരിൽ ഈ വകുപ്പിന്റെ മേൽനോട്ടത്തിൽ സർക്കസ് അക്കാഡമി പ്രവർത്തിക്കുന്നു.

13) കേരളത്തിൽ 6 സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ പരിശീലന കേന്ദ്രം മുഖേന സായിയുടെ സ്പോർട്സ് ഹോസ്റ്റലിൽ കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു.

## മുൻ വർഷത്തെ ഈ വകുപ്പിന്റെ വിവിധ പദ്ധതികളിലെ ധന വിനിയോഗം സംബന്ധിച്ച വിവരങ്ങൾ.

| ക്രമ നം. | പദ്ധതി | വർഷം | ധന വിനിയോഗം (രൂപ ലക്ഷത്തിൽ) | |
|---|---|---|---|---|
| | | | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം. |
| 1 | പ്രചരണവും ബോധവത്കരണവും | 2010-11 | 27.64 | |
| 2 | നിലവിലുള്ള കളിസ്ഥലങ്ങളുടെ അറ്റകുറ്റപണികൾ | ‘ | 150.00 | |
| 3 | ദേശീയ കായിക അഭിരുചി മത്സരം | ‘ | 1.00 | |
| 4 | കളരിപ്പയറ്റിന്റെ വികസനം | ‘ | 10.00 | 0.25 |
| 5 | രാജീവ് ഗാന്ധി കായിക വിനോദ വൈദ്യ സഹായ കേന്ദ്രം | ‘ | 1.12 | 14.46 |
| 6 | പുതിയ കായിക ഇനങ്ങളുടെ പ്രോത്സാഹനവും ഉദ്ധാരണവും - തായ്കൊാേ, ജൂഡോ, കരാട്ടേ | ‘ | 45.96 | |
| 7 | മുതിർന്ന പൗരന്മാരുടെ കായിക ക്ഷമത | ‘ | 5.45 | |
| 8 | സർക്കസ് അക്കാഡമി കണ്ണൂർ | ‘ | 0.50 | |
| 9 | നെടുങ്കന്നത്ത് സ്റ്റേഡിയം നിർമ്മാണം | ‘ | 200.00 | |
| 10 | ആലപ്പുഴയിൽ സ്റ്റേഡിയം നിർമ്മാണം | ‘ | 1000.00 | |
| 11 | ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് | ‘ | | 20.00 |
| 12 | മേഴ്സിക്കുട്ടൻ അത്‌ലറ്റിക്സ് അക്കാഡമി | ‘ | | 20.00 |
| 13 | ഫസ്റ്റ് നാഷണൽ ലീഗിൽ വൺ ഫുട്ബോൾ ക്ളബ്ബിനുള്ള ക്യാഷ് അവാർഡ് | ‘ | | 20.00 |
| 14 | സിവിൽ സർവ്വീസ് ടൂർണ്ണമെന്റിന് സാമ്പത്തിക സഹായം | ‘ | | 5.48 |